LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

ഏഴാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

1986 മാർച്ച് 17, തിങ്കൾ

വാല്യം LXVI] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 2

നിയമസഭ 1986 മാർച്ച് 17-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേമ്പറിൽ കൂടി

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രായ്ക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

സാമൂഹ്യ വനവൽക്കരണ പദ്ധതി

* 1. [1] ശ്രീ. കെ. വി. സുരേന്ദ്രനാഥ് :
,, വി. സുരേന്ദ്രൻപിള്ള :
,, കെ. പി. പ്രഭാകരൻ :
,, കെ. പി. എ. മജീദ് :
,, പി. കെ. കുഞ്ഞാലിക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) സാമൂഹ്യ വനവൽക്കരണ പദ്ധതിക്ക് 1985-86 വർഷത്തേക്ക് കേന്ദ്രഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിന് എത്ര കോടിരൂപ അലോട്ട് ചെയ്തു ;

(ബി) 1986 ഫെബ്രുവരി 28 വരെ സംസ്ഥാന ഗവൺമെന്റ് എത്ര കോടി രൂപ ചെലവഴിച്ചു ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(സി) 1986 ഫെബ്രുവരി വരെ സംസ്ഥാനത്ത് സാമൂഹ്യ വനവൽക്കരണ പദ്ധതി പ്രകാരം എത്ര വൃക്ഷത്തൈകൾ വച്ചു പിടിപ്പിച്ചു എന്ന് വ്യക്തമാക്കാമോ ;

(ഡി) ഇതിൽ എത്ര വൃക്ഷതൈകളും കിളിർത്തിട്ടുണ്ട് ;

(ഇ) തൈകളും നട്ടതിനുശേഷം അതിന്റെ വളർച്ചയ്ക്കുവേണ്ടി ഗവൺമെന്റ് എന്തെല്ലാം ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) :

(എ) സാമൂഹ്യ വനവൽക്കരണ പദ്ധതിക്ക് 1985-86 വർഷത്തേക്ക് 20,50,99,000 രൂപ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ ഏകദേശം അൻപതു ശതമാനം കേന്ദ്രവിഹിതമാണ്.

(ബി) 1985-86 വർഷത്തിൽ (28-2-1986) വരെ സംസ്ഥാന ഗവൺമെന്റ്, പ്രാഥമിക കണക്കുകളനുസരിച്ച് ഏകദേശം 6,48,79,000 രൂപ ചെലവഴിച്ചു. ജില്ല തിരിച്ചുള്ള കണക്ക് താഴെപ്പറയും പ്രകാരമാണ്.

ജില്ല	രൂപ
തിരുവനന്തപുരം	52,50,000
കൊല്ലം	42,00,000
ആലപ്പുഴ	32,00,000
പത്തനംതിട്ട	49,85,000
കോട്ടയം	37,50,000
എറണാകുളം	22,50,000
ഇടുക്കി	1,05,00,000
തൃശ്ശൂർ	86,00,000
മലപ്പുറം	19,40,000
പാലക്കാട്	22,75,000
കോഴിക്കോട്	23,40,000
വയനാട്	28,00,000
കണ്ണൂർ	19,00,000
കാസർഗോഡ്	39,00,000
ആകെ	5,80,90,000

ബാക്കി തുക ഹെഡ് കാർട്ടേഴ്സിലും മേഖലാ ഓഫീസുകളിലും ചെലവായിട്ടുണ്ട്.

(സി) 1985-86 വർഷത്തിൽ (26-2-1986) സംസ്ഥാനത്ത് സാമൂഹ്യ വനവൽക്കരണ പദ്ധതിപ്രകാരം 9.99 കോടി തൈകൾ പൊതുജനങ്ങൾക്ക് വിതരണം ചെയ്യുകയും 1.67 കോടി തൈകൾ ഡിപ്പാർട്ടുമെന്റ് നടുകയും ചെയ്തിട്ടുണ്ട്.

(ഡി) പൊതുജനങ്ങൾക്ക് വിതരണം ചെയ്ത തൈകളുടെ അൻപതു ശതമാനത്തോളം അതിജീവിക്കുന്നതായി കണക്കാക്കിയിരിക്കുന്നു. വനംവകുപ്പിന്റെ തോട്ടങ്ങളിൽ 70-90 ശതമാനം വരെ അതിജീവനം ഉള്ളതായും കാണുകയുണ്ടായി.

സ്വകാര്യ വ്യക്തികൾ നടുന്ന തൈകളുടെ സംരക്ഷണച്ചുമതല അവർക്കുതന്നെയാണ്. ഡിപ്പാർട്ടുമെന്റ് നട്ടുവളർത്തുന്ന തൈകളുടെ സംരക്ഷണത്തി

LIBRARY ARCHIVES Kerala Legislative Assembly

നായി, വനേതരഭൂമിയിൽ കമ്പിവേലി കെട്ടുക, ട്രീ ഗാർഡുകൾ നിർമ്മിക്കുക മുതലായവ ചെയ്തിട്ടുണ്ട്.

ശ്രീ. വി. സുരേന്ദ്രൻപിള്ള : ലോകബാങ്കിന്റെ പദ്ധതി അനുസരിച്ച് ഏതാണ്ട് അറുപതുകോടി രൂപ സാമൂഹ്യ വനവൽക്കരണ പദ്ധതിക്കുവേണ്ടി അനുവദിച്ചിട്ടുണ്ട്. ഈ അറുപതുകോടി രൂപ ഏത് ഇനത്തിൽ ഏതു രീതിയിലാണ് ഗവൺമെന്റ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : ഈ 60 കോടി രൂപ പലയിനങ്ങളിലായിട്ടാണ് ചെലവഴിക്കുന്നത്. വേൾഡ് ബാങ്ക് പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് അനുസരിച്ച് തൈകൾ ഉൽപ്പാദിപ്പിച്ചു വിതരണം ചെയ്യുന്നതിനും ഡിപ്പാർട്ട്മെന്റ് നേരിട്ട് തൈകൾ വയ്ക്കുന്നതിനുമായി ഏതാണ്ട് 34 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വനംവകുപ്പിന് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടി 12 കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്. പരിശീലനത്തിനും ഗവേഷണത്തിനുംവേണ്ടി 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ശമ്പളമിനത്തിൽ 6 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഓഫീസ് ചെലവിനും മറ്റുമായി 3 കോടി രൂപയും വാഹനങ്ങൾ വാങ്ങുന്നതിനായി 2 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

ശ്രീ. വി. സുരേന്ദ്രൻപിള്ള : സാമൂഹ്യ വനവൽക്കരണ പദ്ധതിയനുസരിച്ച് കൊടുക്കുന്ന വൃക്ഷത്തൈകൾ മുഴുവൻ ഉപയോഗത്തിൽ എത്തുന്നില്ല. സാമൂഹ്യ സംഘടനകളുടെകൂടി സേവനം ഗവൺമെന്റ് ഈ കാര്യത്തിൽ തേടുകയാണെങ്കിൽ കുറെക്കൂടി നല്ല രീതിയിൽ വനവൽക്കരണ പരിപാടി നടപ്പാക്കാൻ കഴിയും. സാമൂഹ്യ സംഘടനകളെ ഗവൺമെന്റ് ഈ കാര്യത്തിൽ എത്രത്തോളം പ്രോൽസാഹിപ്പിച്ചിട്ടുണ്ട്. അല്ലെങ്കിൽ അവരുടെ സഹകരണം എത്രത്തോളം ഈ കാര്യത്തിൽ ഗവൺമെന്റ് തേടിയിട്ടുണ്ട് എന്നു വ്യക്തമാക്കുമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : വിതരണം ചെയ്യുന്ന മുഴുവൻ തൈകളും ഫലപ്രദമായി ഉപയോഗപ്പെടണമെന്നാണ് ഗവൺമെന്റിന്റെ ആഗ്രഹം. കഴിഞ്ഞ രണ്ടുവർഷമായി സാമൂഹ്യ സംഘടനകളുടെ സേവനം ഇതിലേക്ക് സ്വീകരിച്ചുവരുന്നുണ്ട്. കഴിഞ്ഞ വർഷം മിക്കവാറും വൃക്ഷത്തൈകൾ വിതരണം ചെയ്തത് സാമൂഹ്യസംഘടനകൾ വഴിയാണ്. ആ പരിപാടി ഫലപ്രദമാണെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം.

ശ്രീ. കെ. പി. എ. മജീദ് : ലോകബാങ്കിന്റെ പദ്ധതിയനുസരിച്ച് എത്ര ഹെക്ടർ സ്ഥലത്താണ് വനവൽക്കരണ പരിപാടി ആവിഷ്ക്കരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. അതിൽ സഹകാര്യ വ്യക്തികളുടെ സ്ഥലം എത്രയാണ്, ഗവൺമെന്റിന്റെ സ്ഥലം എത്രയാണ് എന്നു വ്യക്തമാക്കുമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : ലോകബാങ്കിന്റെ പദ്ധതിയനുസരിച്ച് പൊതുജനങ്ങളുടെ ഭൂമി ഏതാണ്ട് 69,200 ഹെക്ടർ എന്നാണ് കണക്കാക്കിയിട്ടുള്ളത്. ഗവൺമെന്റിന്റെ സ്ഥലം 16,100 ഹെക്ടറുമാണ്. എല്ലാംകൂടി 85,300 ഹെക്ടർ സ്ഥലമാണ് ലോകബാങ്കിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

ശ്രീ. കെ. പി. എ. മജീദ് : സാമൂഹ്യ വനവൽക്കരണ പദ്ധതിയെ സംബന്ധിച്ച് പലപ്പോഴായി ഉയർന്നുവന്നിട്ടുള്ള ആക്ഷേപങ്ങളെക്കുറിച്ചും

LIBRARY ARCHIVES Kerala Legislative Assembly

ആരോപണങ്ങളെക്കുറിച്ചും ഗവൺമെൻറ് പരിശോധിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ അതിൻെറ ഫലം എന്താണ് എന്നു വ്യക്തമാക്കുമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : ചില സ്ഥലങ്ങളിൽനിന്ന് പരാതികൾ ഉയർന്നുവന്നിട്ടുണ്ട്. പ്രാഥമിക അന്വേഷണത്തിൻെറ ഫലമായി കുറ്റക്കാരാണെന്നുകണ്ട ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടിയെടുത്തിട്ടുണ്ട്. അപാകതകൾ പരിഹരിക്കുന്നതിന് ഫലപ്രദമായ നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്.

ശ്രീ. എ. കെ. ശശീന്ദ്രൻ : 1985-86 സാമ്പത്തിക വർഷത്തിൽ ഇരുപതരക്കോടി രൂപയോളം ഈ ഇനത്തിൽ വകയിരുത്തിയിട്ടുണ്ട്. എങ്കിലും ഏതാണ്ട് ആറരക്കോടി രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ എന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. ബാക്കിവരുന്ന സംഖ്യ ഇനി എങ്ങനെ ചെലവഴിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ; ആ സംഖ്യ വകുപ്പു മാറി ,ചെലവഴിക്കുന്നതിന് സർക്കാർ എന്തെങ്കിലും നിർദ്ദേശം കൊടുത്തിട്ടുണ്ടോ ? ഉണ്ടെങ്കിൽ അതെന്താണെന്നു വ്യക്തമാക്കുമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : ഞാൻ ആദ്യംതന്നെ ഗവൺമെൻറിൻെറ പ്രാഥമിക കണക്കനുസരിച്ച് എന്ന് പറയുകയുണ്ടായി. അതിനുകാരണമുണ്ട്. ഫെബ്രുവരി മാസംവരെ ചെലവഴിച്ചത് എന്നു പറയുമ്പോൾ ട്രഷറിയിൽവന്ന് ബിൽ ക്യാഷ് ചെയ്തുപോയ തുക മാത്രമേ കണക്കിൽ പെടുത്തുകയുള്ളൂ. ഈ 31-ാം തീയതിക്കകം എല്ലാ കണക്കുകളും കിട്ടും. ഏതായാലും തുക വകുപ്പുമാറി ചെലവഴിക്കാൻ പ്രയാസമായിരിക്കും.

ശ്രീ. ബെന്നി ബഹനാൻ : ചില സ്ഥലങ്ങളിലെല്ലാം വനവിജ്ഞാന കേന്ദ്രങ്ങളും സോഷ്യൽ ഫോറസ്ട്രി പാർക്കുകളും ആരംഭിച്ചതായി അറിയാൻ കഴിഞ്ഞു. ഇത് ഏതെല്ലാം സ്ഥലങ്ങളിലാണ് ? ഇത് ആരംഭിക്കുന്നതിനുള്ള മാനദണ്ഡമെന്താണ് എന്നു വ്യക്തമാക്കുമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : വനവിജ്ഞാന കേന്ദ്രങ്ങൾ രണ്ടു സ്ഥലത്ത് ആരംഭിച്ചിട്ടുണ്ട്. ഒന്ന് തൃശ്ശൂർ ജില്ലയിൽ കതിരാൽ എന്ന സ്ഥലത്തും മറെറാന്ന് വയനാട് ജില്ലയിൽ . വയനാട്ടിലുമാണ്. ജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമായ സ്ഥലങ്ങൾ കിട്ടിയതിൻെറ അടിസ്ഥാനത്തിലാണ് ആരംഭിച്ചിട്ടുള്ളത്. സോഷ്യൽ ഫോറസ്ട്രി പാർക്കുകൾ ചില ജില്ലകളിൽ ചില സ്ഥലങ്ങളിൽ ഇതിനകം ആരംഭിച്ചിട്ടുണ്ട്. വനവിജ്ഞാന കേന്ദ്രങ്ങൾ നിശ്ചിത സ്ഥലങ്ങളിൽ മാത്രമേ ആരംഭിക്കാൻ സാധിക്കൂ. സോഷ്യൽ ഫോറസ്ട്രി പാർക്കുകൾ സ്ഥലം കിട്ടുമെങ്കിൽ ഓരോ നിയോജകമണ്ഡലത്തിലും ഓരോന്നു സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. വി. ജെ. തങ്കപ്പൻ : ആയുർവേദ മരുന്നുകൾക്കാവശ്യമായ വൃക്ഷങ്ങളുടെ തൈകൾ സോഷ്യൽ ഫോറസ്ട്രിയുമായി ബന്ധപ്പെട്ട് വച്ചുപിടിപ്പിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയുർവേദ മരുന്നുകൾക്കാവശ്യമായ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : ലോകബാങ്കിൻെറ പദ്ധതി അനുസരിച്ച് വയനാട് ജില്ലയിൽ ഏതാണ്ട് നൂറ് ഹെക്ടർ സ്ഥലത്ത്

LIBRARY ARCHIVES Kerala Legislative Assembly

ആദിവാസികൾക്കു തൊഴിൽ നൽകുന്ന, അവരുടെ സാമ്പത്തിക ഉന്നമനം ലക്ഷ്യമാക്കിക്കൊണ്ട് പച്ചമരുന്നു വച്ചുപിടിപ്പിക്കുന്ന ഒരു പദ്ധതിക്ക് രൂപം നൽകി നടപ്പിലാക്കിവരുന്നുണ്ട്.

ശ്രീ. പി. സീതി ഹാജി : ഒരു കോടി അഞ്ചുലക്ഷം രൂപ ഇടുക്കിയിലും പത്തൊൻപതു ലക്ഷം രൂപ മലപ്പുറത്തും ഈ പദ്ധതി അനുസരിച്ച് ചെലവഴിച്ചു എന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. മലപ്പുറത്ത് സർക്കാരിന്റെ തരിശായിട്ടുള്ള ഭൂമിയുണ്ട്. അതുകൊണ്ട് ഇത് എന്തു മാനദണ്ഡം വച്ചാണ് എന്ന് വ്യക്തമാക്കുമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : ഇതിൽ വലിയ തർക്കത്തിനു കാര്യമില്ല. കൂടുതൽ സ്ഥലം ലഭിക്കുന്നതനുസരിച്ചാണ് ഗവൺമെന്റ് നേരിട്ട് പ്ലാൻ ചെയ്യുന്നത്. ആറുവർഷം നീണ്ടുനിൽക്കുന്ന ഒരു പദ്ധതിയാണ് ഇത്. ഇനി നാലുവർഷത്തെ പ്രവർത്തനംകൂടിയുണ്ട്. മലപ്പുറം ജില്ലയിൽ മുഴുവൻ സ്ഥലവും എടുക്കുന്നതിനും വിരോധമില്ല. പതിനായിരം ഹെക്ടർ സ്ഥലത്ത് പ്ലാൻ ചെയ്യാൻ ഈ പദ്ധതി അനുസരിച്ച് സൗകര്യമുണ്ട്.

ശ്രീ. എം. കെ. കേശവൻ : സാമൂഹ്യ വനവൽക്കരണ പദ്ധതിയുടെ ഭാഗമായി വൃക്ഷത്തൈകളും നട്ടുപിടിപ്പിക്കാൻവേണ്ടി നഴ്സറികളും ആരംഭിക്കുന്നതിന് സർക്കാരിന്റെ വക ഭൂമി വേണ്ടുവോളം ഉള്ള സ്ഥലത്ത് അവിടെ നഴ്സറി തുടങ്ങാതെ സ്വകാര്യ ഉടമകളുടെ ഭൂമിക്ക് അമിതമായി പാട്ടം കൊടുത്തുകൊണ്ട് ആ ഭൂമിയിൽ നഴ്സറി തുടങ്ങുന്ന നടപടികളും ഈ പദ്ധതിയെ പരാജയപ്പെടുത്തുമെന്നുള്ളതുകൊണ്ട് ഗവൺമെന്റ് ഭൂമി നിലവിലുള്ളപ്പോൾ ആ ഭൂമിയിൽ നഴ്സറി തുടങ്ങാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : ഗവൺമെന്റ് ഭൂമി നിലവിലുള്ള സാഹചര്യത്തിൽ യാതൊരു കാരണവശാലും സ്വകാര്യ വ്യക്തികളുടെ ഭൂമി എടുക്കാൻ പാടില്ലെന്നുള്ളതാണ് നിർദ്ദേശം. അതിനെ ലംഘിച്ച് എവിടെയെങ്കിലും എന്തെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ തീർച്ചയായിട്ടും നടപടി സ്വീകരിക്കാം.

ശ്രീ. കെ. രാഘവൻ മാസ്റ്റർ : പേപ്പർ ബാങ്കിന്റെ സഹായത്തോടുകൂടി നടത്തുന്ന സാമൂഹ്യ വനവൽക്കരണ പരിപാടി അനുസരിച്ച് എത്ര പേർക്ക് തൊഴിൽ നൽകാൻ സാധിച്ചിട്ടുണ്ട്. അതിൽ പട്ടികജാതി-പട്ടിക വർഗ്ഗക്കാർക്ക് എത്ര പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട് എന്നുള്ള കാര്യം വ്യക്തമാക്കുമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : ഈ ആണ്ടിൽ എത്ര പേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട് എന്നുള്ളത് നോക്കിയാലേ പറയാൻ കഴിയുകയുള്ളു. ഈ പദ്ധതിയുടെ പ്രയോജനത്തിന്റെ ഫലമായി പത്തു ശതമാനത്തിൽ കൂടുതൽ ആദിവാസി ഹരിജൻ സമുദായത്തിൽപ്പെട്ട ആളുകൾക്ക് തൊഴിൽ കിട്ടാൻ സാദ്ധ്യതയുണ്ട്. ഹരിജനങ്ങളും ആദിവാസികളും ഇല്ലാത്ത സാഹചര്യത്തിൽ മാത്രമേ മറ്റുള്ളവരെ ജോലിയിൽ എടുക്കാൻ പാടുള്ളു എന്നുള്ള പ്രത്യേക നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. ലോനപ്പൻ നമ്പാടൻ : തമിഴ്നാട്ടിൽ ചെയ്യുന്നതുപോലെ കശുമാവ്, പുളിമരം, തെങ്ങ് മുതലായ ഫലവൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുവാൻ നടപടി എടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. നൂറുദ്ദീൻ : തമിഴ്നാട്ടിൽ സോഷ്യൽ ഫോറസ്ട്രിയുടെ ഭാഗമായിട്ട് ഇതു ചെയ്യുന്നുണ്ടോ എന്ന് എനിക്ക് അറിയില്ല. ഏതായിരുന്നാലും കേരളത്തിൽ മറ്റു ഡിപ്പാർട്ടുമെൻറുകളും ഈ കാര്യങ്ങൾ ചെയ്യുന്നുണ്ട്. പുളിമരം വളരുന്ന പ്രദേശങ്ങളിൽ അതു വച്ചുപിടിപ്പിക്കുന്നതിൽ അഭിപ്രായവ്യത്യാസമില്ല.

ശ്രീ. വി. വി. ജോസഫ് : സോഷ്യൽ ഫോറസ്ട്രി പ്രകാരം വച്ചു പിടിപ്പിക്കുന്ന മരങ്ങൾ, പ്രത്യേകിച്ച് റോഡിൻെറ പുറമ്പോക്കുകളിൽ വച്ചു പിടിപ്പിക്കുന്ന മരങ്ങൾ ബഹുഭൂരിപക്ഷവും ഉണങ്ങിപ്പോയിരിക്കുന്നതായിട്ടാണ് നമുക്ക് കാണാൻ കഴിയുന്നത്. പഞ്ചായത്തുകളേയോ മറ്റു സംഘടനകളേയോ ഏൽപ്പിച്ച് അത് പരിരക്ഷിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : റോഡിൻെറ പുറമ്പോക്കുകളിൽ നിൽക്കുന്ന മരങ്ങളിൽ വളരെ കൂടുതലും ഉണങ്ങിപ്പോയി എന്നു പറയുന്നത് ശരിയാണെന്ന് എനിക്ക് തോന്നുന്നില്ല. ചില സ്ഥലങ്ങളിൽ ഉണങ്ങിപ്പോകുന്നുണ്ട്. ഞങ്ങൾ ഉദ്യോഗസ്ഥൻമാരുമായിട്ട് ഇതേപ്പറ്റി ചർച്ച ചെയ്യുകയുണ്ടായി. അതിനുള്ള പരിഹാര മാർഗ്ഗത്തെക്കുറിച്ച് ആലോചിച്ചു വരികയാണ്.

ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി) : സർക്കാർ വക ഭൂമികളിൽ അല്ലാതെ സ്വകാര്യ വ്യക്തികളുടെ ഭൂമികളിലും വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുന്നതിനുള്ള ഏർപ്പാടുകൾ ഉണ്ടെന്നറിയുന്നു. അതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്നു വ്യക്തമാക്കാമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : സ്വകാര്യ വ്യക്തികൾക്ക് തൈകൾ വിതരണം ചെയ്യുന്നതിനെക്കുറിച്ചാണ് പറഞ്ഞത്. അല്ലാതെ ഡിപ്പാർട്ടുമെൻറ് സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് നേരിട്ട് വച്ചു പിടിപ്പിക്കുന്നില്ല.

ശ്രീ. കെ. കെ. തോമസ് : ഇടുക്കി ജില്ലയിലാണ് ഒരുകോടി അഞ്ചു ലക്ഷം രൂപ ചെലവാക്കിയതായി മന്ത്രി പറഞ്ഞത്. അതിനു കാരണം സ്ഥലവും മറ്റു സൗകര്യങ്ങളും ആണെന്നു പറഞ്ഞു. ഏറ്റവും കൂടുതൽ സ്ഥലവും മറ്റു സൗകര്യങ്ങളും ഉള്ള ജില്ലയിൽ ഒരു വന വിജ്ഞാന കേന്ദ്രവും അതോടൊപ്പംതന്നെ ജില്ലയിലെ എല്ലാ വികസന ബ്ലോക്കുകളിലും സോഷ്യൽ ഫോറസ്ട്രി പാർക്കുകളും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : വന വിജ്ഞാനകേന്ദ്രം സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കാം.

ശ്രീ. കെ. ശങ്കരനാരായണപിള്ള : ഫോറസ്റ്റ് അല്ലാത്ത മേഖലകളിൽ വനം വച്ചുപിടിപ്പിക്കുന്നതിനുവേണ്ടിയാണ് സോഷ്യൽ ഫോറസ്ട്രി കൊണ്ടുദ്ദേശിക്കുന്നത്. എന്നാൽ ചില കട്ടി വനങ്ങൾ ഇപ്പോൾ വെളുത്തു വെളുത്തു വരുന്നുണ്ട്. അവിടെ കൂടുതൽ മരങ്ങൾ വച്ചുപിടിപ്പിച്ച് എൻക്രോച്ചുമെൻറ് അനുവദിക്കാതെ അതെല്ലാം വനമാക്കി മാറ്റാനുള്ള എന്തെങ്കിലും നടപടികൾ സോഷ്യൽ ഫോറസ്ട്രിയുടെ സ്കീമിൽ ബന്ധപ്പെടുത്തി ചെയ്യാൻ സാധിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. നൂറുദ്ദീൻ : നമ്മുടെ അതിർത്തി ഭദ്രമാക്കുന്നതിനു് ബൈൽറ്റ് പ്ലാന്റേഷൻ നടത്തുന്നതിനുള്ള ഒരു സ്കീം ഉണ്ടു്. അങ്ങിനെയുള്ള സ്ഥലങ്ങളിൽ ആ പദ്ധതി ഫലപ്രദമായിട്ടു് നടപ്പിലാക്കാൻ കഴിയും.

ശ്രീ. വി. ദിനകരൻ : വിതരണംചെയ്ത തൈകളിൽ 50 ശതമാനം ജീവിച്ചിരിപ്പുണ്ടെന്നു് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ഒരു വരൾച്ചയുടെ പിടിയിലേക്കു് നീങ്ങിക്കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ ജല ദൗർലഭ്യംമൂലം ഇന്നു ജീവിച്ചിരിക്കുന്നതുതന്നെ അത്യാസന്ന നിലയിലാണെന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? അതിനെ പരിപാലിക്കാൻ ആവശ്യമായ നടപടികളും സ്വീകരിക്കാൻ തയ്യാറാകുമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : അതിനെ പരിപാലിക്കാൻ ഉള്ള ഏർപ്പാടുകളും ചെയ്തിട്ടുണ്ടു്. നശിച്ചുപോകുന്ന സ്ഥലങ്ങളും പ്രത്യേകം പരിശോധിക്കുന്നുണ്ടു്.

ശ്രീ. കോലിയക്കോടു് എൻ. കൃഷ്ണൻ നായർ : 9 കോടി വൃക്ഷത്തൈകളും വളർന്നുവരുന്നുണ്ടെന്നാണു് മന്ത്രിയുടെ മറുപടിയിൽ പറഞ്ഞതു്. അറിഞ്ഞും അറിയാതെയും വ്യാപകമായി വനം കൈയേറ്റം നടന്നുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ മുറിക്കുന്ന ഉടനെതന്നെ അവിടെ തൈകളും വച്ചുപിടിപ്പിക്കാൻ കൂടി കഴിയുമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : അറിഞ്ഞും അറിയാതെയും വനം കൈയേറ്റം കേരളത്തിൽ വ്യാപകമായി നടക്കുന്നുണ്ടു് എന്ന പ്രസ്താവന അടിസ്ഥാനരഹിതമാണു്. ഈ സമീപകാലത്തു് കേരളത്തിൽ ഒരിഞ്ചുപോലും വനം കൈയേറ്റം നടക്കുന്നില്ലെന്നുള്ളതാണു് വസ്തുത. സെലക്ഷൻ ഫെല്ലിംഗിന്റെ അടിസ്ഥാനത്തിൽ ഡിപ്പാർട്ടുമെന്റുതന്നെ മരം മുറിക്കുന്നുണ്ടു്. മരം വ്യവസായികടിസ്ഥാനത്തിൽ ആവശ്യമായ സാധനമാണു്. അത്തരം സ്ഥലങ്ങളിൽ മരം വച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതിയും ഗവൺമെന്റിന്റെ പക്കലുണ്ടു്.

ശ്രീ. കെ. ടി. കുമാരൻ : സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായിട്ടു് മലമ്പ്രദേശങ്ങളിൽ നൂറു കണക്കിനു് ഏക്കർ സ്ഥലങ്ങളിൽ മരം വച്ചുപിടിപ്പിച്ചതിനുശേഷം അത്തരം പ്രദേശങ്ങളിൽ കുന്നുകാലികളെ തീറ്റുന്നതിനുവേണ്ടി നടപടികളും സ്വീകരിച്ചുവരുന്നതായി പത്രങ്ങളിൽ റിപ്പോർട്ടുകളും കാണുകയുണ്ടായി. ഇതു തടയുന്നതിനുവേണ്ടി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ? അങ്ങനെ ചെയ്യുന്ന ആളുകളുടെ പേരിൽ ശക്തമായ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : കുന്നുകാലികളുടെ ശല്യം തടയുന്നതിനുവേണ്ടി കമ്പിവേലികളും കെട്ടുന്നുണ്ടു്.

ശ്രീ. പി. പി. തങ്കച്ചൻ : വനവൽക്കരണ പരിപാടിയിൽ എറണാകുളം ജില്ലയെ സംബന്ധിച്ചു് വളരെയേറെ ക്രമക്കേടുകളും നടക്കുന്നുണ്ടെന്നു് ഡി. ഡി. സി. യിൽ പറയുകയുണ്ടായി. മന്ത്രിയെ വിവരം അറിയിക്കുകയും ചെയ്തിട്ടുണ്ടു്. അതിന്റെ നടപടികളും എന്തായി?

ശ്രീ. കെ. പി. നൂറുദ്ദീൻ : എറണാകുളം ജില്ലയിൽ ഒരു സ്ഥലത്തു് പ്ലാന്റിംഗിൽ അഴിമതികളും നടന്നിട്ടുണ്ടു് എന്നുള്ള പരാതി ഗവൺമെന്റിനു്

LIBRARY ARCHIVES Kerala Legislative Assembly

കിട്ടി. അതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് വിഭാഗം അന്വേഷണം നടത്തി. അതിന്റെ പ്രാഥമിക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം നടത്തിയിരുന്ന ഡി. എഫ്. ഒ. യേയും റെയിഞ്ചറേയും സസ്പെൻറ് ചെയ്തിട്ടുണ്ട്.

ശ്രീ. എസ്. ആർ. തങ്കരാജ് : യൂക്കാലി മരങ്ങൾ മണ്ണിലുള്ള ജലാംശം മുഴുവൻ വലിച്ചെടുക്കുന്നുവെന്നാണ് ശാസ്ത്രജ്ഞൻമാർ പറയുന്നത്. അതുകൊണ്ട് യൂക്കാലി മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിന്റെ അടുത്തുള്ള പ്രദേശങ്ങളിലെ കിണറുകളും കുളങ്ങളുമെല്ലാം വറ്റിപ്പോവുകയാണ്. യൂക്കാലി മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് സോഷ്യൽ ഫോറസ്ട്രി നേതൃത്വം കൊടുക്കുന്നുണ്ടോ ? ഗവേഷണ വിഭാഗങ്ങളുടെ റിപ്പോർട്ട് എന്താണെന്ന് വ്യക്തമാക്കുമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : യൂക്കാലി മരങ്ങളെക്കുറിച്ച് ഒരുപാട് തർക്കങ്ങൾ ഇപ്പോഴും ശാസ്ത്രജ്ഞൻമാരുടെ ഇടയിൽ ഉണ്ട്. ഒരു കൊല്ലം മുമ്പ് തൃശ്ശൂർ വന ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിൽ ഒരു സെമിനാർ നടക്കുകയുണ്ടായി. അതിൽ ഏകദേശം 150 ഓളം ശാസ്ത്രജ്ഞൻമാർ പങ്കെടുക്കുകയുണ്ടായിട്ടുണ്ട്. അവരുടെ ചർച്ചകളുടെ അവസാനമായിട്ട് യൂക്കാലിതന്നെ 10-80 വിഭാഗം ഉണ്ട് ; അതിൽ അപകടമുള്ളതും ഇല്ലാത്തും ഉണ്ട് എന്നു പറഞ്ഞു. കേരളത്തിൽ വച്ചുപിടിപ്പിക്കുന്നത് അപകടകരമല്ലാത്തതാണ്. ഏതായിരുന്നാലും സോഷ്യൽ ഫോറസ്ട്രിയുടെ ഭാഗമായിട്ട് വളരെ കുറച്ചു ശതമാനം മാത്രമേ യൂക്കാലി മരങ്ങൾ വച്ചു പിടിപ്പിക്കുന്നതിനെ പ്രോൽസാഹിപ്പിക്കുന്നുള്ളൂ.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : നമ്മുടെ സാമൂഹ്യ വനവൽക്കരണത്തിനുവേണ്ടി നഴ്സറികൾ സംവിധാനം ചെയ്യുന്നത് ഏജൻസി വഴിയാണോ? അതോ ഡിപ്പാർട്ടുമെൻറ് നേരിട്ടാണോ ? അതിൽ വലിയ ക്രമക്കേടുകൾ ഉണ്ടെന്നുള്ള പരാതി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : നഴ്സറികൾ ഉണ്ടാക്കുന്നത് ഡിപ്പാർട്ടുമെൻറ് നേരിട്ടാണ്. ഏതെങ്കിലും നഴ്സറികളിൽ എന്തെങ്കിലും പ്രത്യേകമായ ആരോപണം ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

നാളികേരത്തിന്റെ വിലയിടിവ്

* 2 [2] ശ്രീ. ടി. കെ. അബ്ദു :

,, കെ. പി. അരവിന്ദാക്ഷൻ :

,, വർക്കല രാധാകൃഷ്ണൻ :

,, ടി. കെ. അറുമുഖൻ :

,, പി. സി. തോമസ് (കടുത്തുരുത്തി) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാളികേരത്തിന്റെ വിലയിടിവ് തടയാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് ;

LIBRARY ARCHIVES Kerala Legislative Assembly